ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ ഇന്ന് അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയാണെന്നും ഈ മുന്നേറ്റം തുടരുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi says, India is the fastest-growing economy today, and this progress will continue.

2. ബിഹാറിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ പ്രചാരണം ഊർജ്ജിതം; നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.

   Campaign intensifies for first phase of Bihar Assembly elections; scrutiny of nominations today.

3. കേന്ദ്രഭരണ പ്രദേശമായ ലഡാക്കിലെ ലേയിൽ ഗുരുതര ക്രമസമാധാന പ്രശ്നത്തിനും നാല് പേരുടെ മരണത്തിനുമിടയായ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ട് ആഭ്യന്തര മന്ത്രാലയം.

   The Ministry of Home Affairs orders Judicial inquiry into Ladakh violence which claimed four lives.

4. മുഖ്യമന്ത്രി പിണറായി വിജയന് ബഹ്റൈൻ ഉപപ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം.

കേരളവും ബഹ്റൈനും തമ്മിലുള്ള ബന്ധം ശക്തമാക്കുമെന്ന് മുഖ്യമന്ത്രി.

**Kerala CM Pinarayi Vijayan receives warm welcome from Bahrain Deputy Prime Minister; vows to strengthen Kerala–Bahrain ties.**

5. കേരളത്തിൽ ശക്തമായ മഴ തുടരുന്നു; ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rain continues in Kerala; yellow alert in nine districts today; fishing banned off Kerala, Karnataka, and Lakshadweep coasts till October 21st.**

6. ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ, ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കി റെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം സെമിഫൈനലിൽ.

   **India's Satwiksairaj Rankireddy–Chirag Shetty duo enter semifinals of Denmark Open men's doubles.**

☸☸☸☸☸☸☸☸☸☸☸☸☸

## PM-SUMMIT (INTRO)

ഇന്ത്യ ഇന്ന് അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയാണെന്നും ഈ മുന്നേറ്റം തുടരുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ഒരു സ്വകാര്യ മാധ്യമം സംഘടിപ്പിച്ച ആഗോള ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലേക്ക് നിക്ഷേപങ്ങളുടെ തരംഗം ഒഴുകിയെത്തുകയാണെന്നും EFTA വ്യാപാര കരാറിലൂടെ വൻ

തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്....)

ജി-7 രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വ്യാപാരം അറുപത് ശതമാനത്തിലധികം വർദ്ധിച്ചതായി വ്യക്തമാക്കിയ പ്രധാനമന്ത്രി എല്ലാ മേഖലകളിലും സ്വയംപര്യാപ്ത ഇന്ത്യയുടെ ആത്മവിശ്വാസം പ്രകടമാണെന്നും പറഞ്ഞു.

## PM-SRI LANKA+PM-EGYPT FM

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യയുമായും ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രി ബദർ അബ്ദലട്ടിയുമായും കൂടിക്കാഴ്ച നടത്തി. ഹരിണി അമരസൂര്യയുടെ സന്ദർശനം ഇന്ത്യ-ശ്രീലങ്ക ബന്ധം കൂടുതൽ ശക്തമാക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈജിപ്തുമായി വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിൽ കൈവരിക്കുന്ന പുരോഗതിയിൽ പ്രധാനമന്ത്രി സംതൃപ്തി പ്രകടിപ്പിച്ചു.

## VP- SHEKHAWAT MEET

കേന്ദ്ര സാംസ്കാരിക, ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് പാർലമെന്റ് ഹൗസിൽ ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണനെ സന്ദർശിച്ചു. വിനോദസഞ്ചാരം, തൊഴിലവസരങ്ങൾ, രാജ്യത്തിന്റെ സാംസ്കാരിക - പൈതൃകങ്ങൾ തുടങ്ങിയവ ചർച്ചയായി. മെഡിക്കൽ, ആത്മീയ ടൂറിസം രംഗങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കേന്ദ്രമന്ത്രിക്ക് ഉപരാഷ്ട്രപതി നിർദ്ദേശം നൽകി.

## DAY BIHAR ELECTIONS

ബിഹാറിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കും. ഈ മാസം 20 വരെയാണ് പത്രിക പിൻവലിക്കാനുള്ള സമയപരിധി. ബിഹാറിൽ തിരഞ്ഞെടുപ്പ് പ്രചാരണവും ഊർജിതമായി പുരോഗമിക്കുകയാണ്. 243 അംഗ ബിഹാർ നിയമസഭയിലേക്ക് രണ്ട് ഘട്ടങ്ങളിലായി അടുത്ത മാസം 6 നും 11 നുമാണ് വോട്ടെടുപ്പ്. 14 നാണ് വോട്ടെണ്ണൽ.

☸☸☸☸☸☸☸☸☸☸☸☸☸

## RAJNATH BRAHMOS-UP

ലഖ്നൗവിലെ ബ്രഹ്മോസ് എയ്റോസ്പേസ് യൂണിറ്റിൽ നിർമ്മിച്ച ബ്രഹ്മോസ് മിസൈലുകളുടെ ആദ്യ ബാച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചേർന്ന് ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും. ലഖ്നൗ ബ്രഹ്മോസ് യൂണിറ്റിൽ മിസൈൽ സംവിധാന നിർമ്മാണം മുതൽ അന്തിമ പരീക്ഷണം വരെയുള്ള മുഴുവൻ പ്രക്രിയയും തദ്ദേശീയമായാണ് നടത്തുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## MAAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26ന്. പരിപാടിയുടെ 127-ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

☸☸☸☸☸☸☸☸☸☸☸☸☸

## LEH INQUIRY

കേന്ദ്രഭരണ പ്രദേശമായ ലഡാക്കിലെ ലേയിൽ ഗുരുതര ക്രമസമാധാന പ്രശ്നത്തിനും നാല് പേരുടെ മരണത്തിനുമിടയായ സംഭവത്തിൽ ആഭ്യന്തര മന്ത്രാലയം ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടു. മന്ത്രാലയം രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ ചർച്ച ഉടൻ പ്രഖ്യാപിക്കുമെന്നും ലഡാക്ക് ചീഫ് സെക്രട്ടറി പവൻ കോട്‌വാൾ അറിയിച്ചു. ലഡാക്കിന് സംസ്ഥാന പദവി നൽകുന്നത് ഉൾപ്പടെ ഉന്നയിച്ച് സെപ്റ്റംബർ 24 നുണ്ടായ പ്രതിഷേധങ്ങളിൽ അറസ്റ്റിലായ 23 പേർ നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

## BSNL-DIWALI OFFER

രാജ്യത്തുടനീളമുള്ള പുതിയ ഉപഭോക്താക്കൾക്കായി ഒരു രൂപയുടെ ദീപാവലി 4-G പ്ലാൻ അവതരിപ്പിച്ച് ബിഎസ്എൻഎൽ. അടുത്ത മാസം 15 വരെയാണ് ഓഫർ. പരിധിയില്ലാത്ത കോളുകൾ, പ്രതിദിനം 2 ജിബി ഡാറ്റ, പ്രതിദിനം 100 എസ്എംഎസ് എന്നിവയുൾപ്പെടെ 30 ദിവസത്തെ സൗജന്യ മൊബൈൽ സേവനങ്ങളാണ് ബിഎസ്എൻഎൽ വാഗ്ദാനം ചെയ്യുന്നത്.

## PRESIDENT - KERALA VISIT

നാലുദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം 21 -ന് കേരളത്തിലെത്തും. 22 നാണ് ശബരിമല ദർശനം. 23 ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻറെ അർധകായ പ്രതിമ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദിയിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെൻറ് തോമസ് കോളജിലും എറണാകുളം സെൻറ് തെരേസാസ് കോളജിലും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

## SABARIMALA

തുലാമാസ പൂജകൾക്കായി ശബരിമലക്ഷേത്ര നട തുറന്നു. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് ഇന്ന് നടക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് 22 ന് തീർഥാടകർക്ക് ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അതേസമയം, അറ്റകുറ്റപ്പണികൾക്ക് ശേഷം തിരികെ എത്തിച്ച സ്വർണ്ണപ്പാളികൾ ദ്വാരപാലക ശിൽപങ്ങളിൽ ഇന്നലെ പുനസ്ഥാപിച്ചു.

## CM – BEHRAIN

ഗൾഫ് സന്ദർശനം തുടരുന്ന മുഖ്യമന്ത്രി പിണറായി വിജയന് ബഹറൈൻ ഉപപ്രധാനമന്ത്രി ശൈഖ് ഖാലിദ് ബിൻ അബ്ദുള്ള അൽ ഖലീഫയുടെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം. മനാമ റിഫയിലുള്ള ഉപപ്രധാനമന്ത്രിയുടെ കൊട്ടാരം മുഖ്യമന്ത്രി സന്ദർശിച്ചു. കേരളവും ബഹ്റൈനും തമ്മിലുള്ള ബന്ധം ശക്തമാക്കാനുള്ള ചർച്ചകൾ നടന്നതായി മുഖ്യമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

## GST REACTION (INTRO)

പുതുക്കിയ ജി.എസ്.ടി പരിഷ്കാരങ്ങൾ സംരംഭകർക്ക് ഗുണകരമായതായി വിലയിരുത്തൽ. പരിഷ്കാരങ്ങളെ പ്രതീക്ഷയോടെ കാണുന്നതായി തിരുവനന്തപുരത്ത് നിന്നുള്ള സംരംഭക ലളിത കുമാരി ആകാശവാണി വാർത്തകളോട് പറഞ്ഞു.

## KERALA RAIN

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ അതിശക്തമായ മഴയെ തുടർന്ന് നെടുങ്കണ്ടത്ത് പ്രളയ സമാന സാഹചര്യം. കുമളി ചെളിമട, ആന വിലാസം ശാസ്തനട, വണ്ടിപ്പെരിയാർ, തൂക്കുപാലം, താന്നിമൂട്, കല്ലാർ തുടങ്ങിയ ഇടങ്ങളിൽ വെള്ളം പൊങ്ങി. കൂട്ടാറിൽ കനത്ത മലവെള്ള പാച്ചിലിനെ തുടർന്ന് ടെമ്പോ ട്രാവലർ ഒഴുക്കിൽപ്പെട്ടു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## PALAKKAD- IDUKKI SHUTTERS

വൃഷ്ടി പ്രദേശത്ത് നിന്നുള്ള നീരൊഴുക്ക് വർധിച്ചാൽ മലമ്പുഴ ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ ഇന്ന് തുറക്കാൻ സാധ്യതയെന്ന് മുന്നറിയിപ്പ്. കൽപ്പാത്തി, ഭാരതപ്പുഴകളുടെ തീരങ്ങളിലുള്ളവർ ജാഗ്രത പാലിക്കണം. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ഡാമിൻ്റെ ഷട്ടറുകൾ രാവിലെ 8 മണി മുതൽ ഘട്ടം ഘട്ടമായി തുറക്കും. പെരിയാറിൻ്റെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണം. കല്ലാർ ഡാമിൻ്റെ നാല് ഷട്ടറുകൾ ഉയർത്തിയതിനാൽ ചിന്നാർ, കല്ലാർ പുഴകളുടെ തീരങ്ങളിലും അതീവ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

## BADMINTON

ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റണിൽ, ഇന്ത്യൻ പുരുഷ ഡബിൾസ് ജോഡികളായ സാത്വിക് സായിരാജ് രങ്കി റെഡ്ഡിയും ചിരാഗ് ഷെട്ടിയും സെമിഫൈനലിൽ കടന്നു . ഇന്നലെ നടന്ന ക്വാർട്ടർ ഫൈനലിൽ ഇന്തോനേഷ്യൻ സഖ്യത്തെയാണ് അവർ പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന സെമിയിൽ ഇന്ത്യൻ ജോഡി, ജപ്പാൻ സഖ്യത്തെ നേരിടും.

## ICC WORLD CUP

വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ശ്രീലങ്കയ്ക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് ജയം. മഴ കാരണം 20 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ 10 വിക്കറ്റിന്റെ ആധികാരിക ജയമാണ് ദക്ഷിണാഫ്രിക്ക സ്വന്തമാക്കിയത്. ഇന്ന് നടക്കുന്ന മത്സരത്തിൽ ന്യൂസിലന്റ് പാക്കിസ്ഥാനെ നേരിടും.

## MEHUL CHOKSI EXRADITION

പഞ്ചാബ് നാഷണൽ ബാങ്ക് വായ്പാ തട്ടിപ്പ് കേസിൽ പ്രതിയായ ഇന്ത്യൻ രത്നവ്യാപാരി മെഹുൽ ചോക്സിയെ ഇന്ത്യക്കു കൈമാറാൻ ആൻറ് വെർപ്പ് കോടതി അനുമതി നൽകി. ഇന്ത്യയുടെ അഭ്യർത്ഥനപ്രകാരം ചോക്സിയെ അറസ്റ്റു ചെയ്ത ബെൽജിയൻ അധികൃതരുടെ നടപടി കോടതി ശരിവച്ചു. ഈ വർഷം ഏപ്രിലിലാണ് മെഹുൽ ചോക്സിയെ ബെൽജിയം പൊലീസ് അറസ്റ്റു ചെയ്തത്.

## AFGHANISTAN-PAKISTAN AIR-STRIKE

അഫ്ഗാനിസ്ഥാൻറെ, തെക്കുകിഴക്കൻ പക്തിക പ്രവിശ്യയിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തിൽ രണ്ട് കുട്ടികൾ ഉൾപ്പെടെ ആറ് പേർ കൊല്ലപ്പെട്ടു. 48 മണിക്കൂർ വെടിനിർത്തൽ കരാർ നിലനിക്കെയാണ് ആക്രമണം. ഇരു രാജ്യങ്ങളും തമ്മിലുള്ള മധ്യസ്ഥ ചർച്ചകൾ ഉടൻ ആരംഭിക്കും.

## CAQM-MEETING

കമ്മീഷൻ ഫോർ എയർ ക്വാളിറ്റി മാനേജ്മെന്റിന്റെ നേതൃത്വത്തിൽ, ശീതകാല വായു മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള തയ്യാറെടുപ്പ് അവലോകനം ചെയ്തു. ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതും വാഹന ഗതാഗതം, വ്യാവസായിക പ്രവർത്തനങ്ങൾ, വൈക്കോൽ കത്തിക്കൽ തുടങ്ങിയവ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ചർച്ചയായി. ഡൽഹിയിൽ ഇന്ന് മുതൽ തിങ്കളാഴ്ച വരെ ഹരിത പടക്കങ്ങൾ വിൽക്കാൻ നിശ്ചിത ഇടങ്ങളിൽ മാത്രമാണ് അനുമതിയുള്ളതെന്നും യോഗം നിരീക്ഷിച്ചു.

## WORLD MENOPAUSE DAY

ലോക ആർത്തവവിരാമ ദിനത്തോട് അനുബന്ധിച്ച് ആയുഷ് മന്ത്രാലയം ന്യൂഡൽഹിയിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു. ഈ മാറ്റം ആരോഗ്യകരമാക്കാൻ സമീകൃതാഹാരം, ആയുർവേദ രീതികൾ, യോഗ തുടങ്ങിയവ പിന്തുടരണമെന്ന് ആയുഷ് മന്ത്രാലയം അഭ്യർത്ഥിച്ചു. ആർത്തവവിരാമ സമയത്തെ ആയുർവേദത്തിന്റെ ഉപയോഗം ആഗോളതലത്തിൽ സ്വീകാര്യമാക്കുകയാണ് ലക്ഷ്യമിടുന്നതെന്ന് ആയുഷ് മന്ത്രാലയ സെക്രട്ടറി രാജേഷ് കൊട്ടേച്ച പറഞ്ഞു.